# ഹാഗാറിന്റെ കിണർ

അബ്രഹാമിന്റെ ഭാര്യ സാറായുടെ ഈജിപ്തുകാരി ദാസിയായിരുന്നു ഹാഗാർ. സാറായ്ക്ക് മക്കൾ ജനിക്കാതിരുന്നപ്പോൾ, സാറായുടെ നിർദേശപ്രകാരം അവളിൽ നിന്ന് അബ്രഹാമിന് ഇഷ്മായേൽ ജനിച്ചു. ഹാഗാർ ഗർഭിണി ആയപ്പോൾ അവൾക്ക് സാറായുമായി സ്വരച്ചേർച്ച ഇല്ലാതായി: "താൻ ഗർഭിണി ആണെന്നറിഞ്ഞപ്പോൾ യജമാനത്തിയെ അവൾ നിന്ദയോടെ വീക്ഷിച്ചു" (ഉൽപ്പ.16,4). "സാറായാകട്ടെ അവളോട് ക്രൂരമായി പെരുമാറാൻ തുടങ്ങി. അപ്പോൾ അവൾ സാറായെ വിട്ട് ഓടിപ്പോയി"( 16,6).

എന്നാൽ ബേർ ല്ഹായ്റോയ് (ദർശനക്കിണർ) എന്ന നീരുറവയുടെ അടുത്തെത്തിയപ്പോൾ, ഒരു ദൈവദൂതൻ അവളെ അനുഗ്രഹിച്ച് തിരിച്ചയച്ചു: "എണ്ണിയാൽ ഒടുങ്ങാത്തവണ്ണം അത്ര അധികമായി നിന്റെ സന്തതിയെ ഞാൻ വർധിപ്പിക്കും...നീ ഒരാൺകുട്ടിയെ പ്രസവിക്കും.. അവൻ കാട്ടുകഴുതയ്ക്കൊത്ത മനുഷ്യനായിരിക്കും. അവന്റെ കൈ എല്ലാവർക്കുമെതിരായും എല്ലാവരുടെയും കൈ അവനെതിരായും ഉയരും. അവൻ തന്റെ സഹോദരങ്ങൾക്കെതിരായി വർത്തിക്കുകയും ചെയ്യും."(16,10-12). ഹാഗാർ തിരികെപ്പോയി സാറായ്ക്ക് കീഴ്പ്പെട്ട് ജീവിച്ചു. അവൾ ഇഷ്മായേലിനെ പ്രസവിച്ചു.

പിന്നീട് ദൈവിക ഇടപെടലിലൂടെ സാറാ ഗർഭം ധരിച്ച് ഇസഹാക്കിനെ പ്രസവിച്ചു. രണ്ടു കുട്ടികളും ഒന്നിച്ച് കളിച്ചു വളർന്നു. അത് സാറായ്ക്ക് ഇഷ്ടപ്പെട്ടില്ല. അവളുടെ നിർബന്ധത്താൽ അബ്രഹാം ഹാഗാറിനെയും ഇഷ്മായേലിനെയും പുറത്താക്കി. ദൈവനിർദേശത്താലാണ് അബ്രഹാം അപ്രകാരം ചെയ്തത്: "അടിമപ്പെണ്ണിനെയും ജനിച്ച മകനെയും ഞാനൊരു ജനതയാക്കും" എന്ന് ദൈവം അബ്രഹാമിനോട് പറഞ്ഞു(16,13). ഹാഗാർ മകനെയും കൊണ്ട് "ബേർഷേബാ മരുപ്രദേശത്ത് അലഞ്ഞുനടന്നു"(16,14).

അബ്രഹാം കൊടുത്തുവിട്ട അപ്പവും വെള്ളവും തീർന്നപ്പോൾ, അവൾ കുട്ടിയെ ഒരു കുറ്റിക്കാട്ടിൽ കിടത്തിയിട്ട് അവിടെ നിന്ന് മാറിയിരുന്നു."കുട്ടി ഉച്ചത്തിൽ കരയാൻ തുടങ്ങി. കുട്ടിയുടെ കരച്ചിൽ ദൈവം കേട്ടു"(16,16-17). അപ്പോൾ ഒരു ദൈവദൂതൻ അവളെ വിളിച്ചു പറഞ്ഞു:"എഴുന്നേറ്റ് കുട്ടിയെ കൈയിലെടുക്കുക. അവനിൽ നിന്ന് ഞാൻ വലിയൊരു ജനതയെ പുറപ്പെടുവിക്കും"(16,18).

"ദൈവം അവളുടെ കണ്ണു തുറന്നു. അവൾ ഒരു കിണർ കണ്ടു. അവൾ ചെന്ന് തുകൽസഞ്ചി നിറച്ച് കുട്ടിക്ക് കുടിക്കാൻ കൊടുത്തു. ദൈവം ആ കുട്ടിയോടുകൂടെ ഉണ്ടായിരുന്നു"(16,19-20). "അവൻ മരുഭൂമിയിൽ പാർത്തു. അവൻ വളർന്ന് സമർഥനായൊരു വില്ലാളി ആയിത്തീർന്നു"(16,20).

അബ്രഹാം മരിച്ചപ്പോൾ, മക്കളായ ഇസഹാക്കും ഇഷ്മായേലും കൂടി മക്പേലാ ഗുഹയിൽ സാറായോടൊപ്പം അവനെ സംസ്ക്കരിച്ചു (25,16). അതായത്, ഇഷ്മായേൽ ഇസഹാക്കിൽ നിന്ന് വളരെ ദൂരത്തല്ലായിരുന്നു താമസിച്ചിരുന്നത്. തുടർന്ന് ഇഷ്മായേലിന്റെ സന്തതികളുടെ പേരുകൾ ഉൽപ്പത്തിപ്പുസ്തകം നൽകുന്നു (25,12-18). ഉൽപ്പത്തിയിൽ ഹാഗാറിനെയും മകനെയും പറ്റിയുള്ള വിവരണം ഇതാണ്. ഇസഹാക്ക് പിന്നീട് ബേർ ലഹായ് റോയിൽ പാർത്തു (25,11).

"ഹാഗാറിന്റെ കിണർ" ഒരു പ്രവചനമാണ്. നൂറ്റാണ്ടുകൾക്കുശേഷം മരുപ്രദേശങ്ങളിൽ ഉടനീളം ഹാഗാറിന്റെ മക്കൾക്ക് ലഭിക്കാനിരുന്ന പെട്രോൾ ഉൽപ്പന്നങ്ങളെ പറ്റിയുള്ള പ്രവചനമായിരുന്നു അത്. ഒന്നും വളരാത്ത മരുഭൂമി, അലഞ്ഞു നടന്ന ജനവിഭാഗം. കാലപൂർത്തിയിൽ അവർക്ക് ഒരു നീരുറവ-ഒരു കിണർ, അതേ അനേകം കിണറുകൾ-ലഭിച്ചു. അവസാനിക്കാത്ത സ്രോതസ്സ് എന്നവണ്ണം പെട്രോളും അതോട് ബന്ധപ്പെട്ട മറ്റ് ഉൽപ്പന്നങ്ങളും. ദൈവം വാഗ്ദാനം ചെയ്തതുപോലെ ഹാഗാറിന്റെ മക്കളെയും ദൈവം അനുഗ്രഹിച്ച് വലിയ ജനതയാക്കി. അവരും അബ്രഹാമിന്റെ സന്തതി പരമ്പരയിൽ പെട്ടവരാണല്ലോ.

"അവന്റെ കരം" അവരുടെ ഇടയിലെ തീവ്രവാദികളെ പറ്റി സൂചിപ്പിക്കുന്നു. എല്ലാക്കാലത്തും ഇത്തരക്കാർ അവരുടെ ഇടയിൽ ഉണ്ടായിരുന്നു. "എല്ലാവരുടെയും കൈ" എന്ന പ്രയോഗം, എല്ലാവരോടും മല്ലടിക്കുന്ന അവർക്കും പ്രഹരം കിട്ടുമെന്ന സൂചന നൽകുന്നു. അത്തരക്കാർ കാട്ടുകഴുതയ്ക്കൊത്തവരായി കഴിയുന്നു. ഈ പ്രവചനങ്ങളൊക്കെ നമ്മുടെ കാലത്ത് കൂടുതൽ കൂടുതൽ യാഥാർഥ്യമായിക്കൊണ്ടിരിക്കുന്നു എന്നത് ആശ്ചര്യകരം തന്നെ.